■ ലേഖനം


എച്ച്. അബ്ദുർറഖീബ്

# ‘സെസു’കൾ രാഷ്ട്രത്തിനകത്തെ രാഷ്ട്രങ്ങൾ

**ഏതു വിധേനയും സാമ്പത്തിക വളർച്ച ഉറപ്പുവരുത്തുക എന്നതാണ് സെസിനു പിന്നിലെ നയം. അതിനാൽ നിക്ഷേപകന്റെ ചിന്ത ഉൽപാദനം വർധിപ്പിച്ച് ലാഭം നേടുക എന്നതു മാത്രമായിത്തീരുന്നു. തൽഫലമായി തൊഴിലാളികളുടെ ന്യായമായ പല അവകാശങ്ങളും നിഷേധിക്കപ്പെടുന്നു. ലോകത്ത് സ്ഥാപിതമായ പ്രത്യേക സാമ്പത്തിക മേഖലകളിലൊന്നിലും തൊഴിൽ സുരക്ഷ ഉറപ്പുനൽകപ്പെടുന്നില്ലെന്നാണ് അനുഭവം. കുറ്റകൃത്യങ്ങൾക്കുള്ള ശിക്ഷാനടപടികൾ പോലും അവിടെ സ്വീകരിക്കാൻ കഴിയില്ല.**

**ഉദാര** കമ്പോള സമ്പദ്‌വ്യവസ്ഥയുടെ സ്വപ്ന പദ്ധതിയാണ് പ്രത്യേക സാമ്പത്തിക മേഖല (Special Economic Zone). രാജ്യത്തേക്ക് വൻതോതിൽ വിദേശ മൂലധനം ആകർഷിച്ച് വൻകിട വ്യവസായ സ്ഥാപനങ്ങളുണ്ടാക്കുകയും കയറ്റുമതി വർധിപ്പിക്കുകയും ചെയ്ത് ദ്രുതഗതിയിലുള്ള സാമ്പത്തിക വളർച്ച കൈവരിക്കുകയാണ് ഇതിന്റെ ലക്ഷ്യം. മുതലാളിത്ത രാജ്യങ്ങളിൽ ഇത് പുതുമയുള്ള കാര്യമല്ല. ചൈന പോലുള്ള രാജ്യങ്ങളും 1980 മുതൽ SEZ-കൾ സ്ഥാപിച്ചുതുടങ്ങിയിട്ടുണ്ട്. ലോക ബാങ്ക് കണക്കുപ്രകാരം 2007 -ന്റെ തുടക്കത്തിൽ ലോകത്ത് മൂവായിരത്തിൽ പരം പ്രത്യേക സാമ്പത്തിക മേഖലകളുണ്ട്. 2005 ജൂണിൽ യു.പി.എ സർക്കാർ പാർലമെന്റിൽ സെസ് ആക്റ്റ് പാസ്സാക്കി. കമ്യൂണിസ്റ്റ് പാർട്ടികളടക്കം അതിനെ പിന്തുണക്കുകയുണ്ടായി. 2006 ഫെബ്രുവരിയിൽ ആക്റ്റ് പ്രാബല്യത്തിൽ വന്നു.

234 സെസുകൾക്ക് അനുമതി നൽകിയെന്നും അവയിലൂടെ മൂന്നു ലക്ഷം കോടി രൂപയുടെ മൂലധനം നേടാൻ കഴിയുമെന്നും ഗവൺമെന്റ് വെബ് സൈറ്റിൽ പറയുന്നു. നാൽപതു ലക്ഷം പേർക്ക് തൊഴിൽ ലഭിക്കുമത്രെ. ആദ്യ വർഷത്തിൽതന്നെ മുപ്പത്തിയയ്യായിരം കോടി രൂപയുടെ അധിക കയറ്റുമതി ഉണ്ടാകുമെന്നും വെബ് സൈറ്റ് പറയുന്നു. വൻകിട വ്യവസായശാലകൾ ഒരിടത്ത് കേന്ദ്രീകരിക്കുമ്പോൾ അവ പുറത്തുവിടുന്ന, ആരോഗ്യത്തിന് ഹാനികരമായ മാലിന്യങ്ങൾ ഒരു പരിധിവരെ നിയന്ത്രിക്കാനും ശുദ്ധീകരിക്കാനും കഴിയും. അതുവഴി പരിസ്ഥിതിക്ക് കൂടുതൽ ദോഷം വരാതെ സൂക്ഷിക്കാനും കഴിയുന്നു. ഇത് പ്രത്യേക സാമ്പത്തിക മേഖലകളുടെ ഗുണങ്ങളിലൊന്നാണെന്ന് പറയുന്നു. തൊഴിലാളികൾക്ക് തൊട്ടടുത്തുതന്നെ താമസ സൗകര്യമൊരുക്കുകയും ടൗൺഷിപ്പ് സ്ഥാപിക്കുകയും ചെയ്യുകവഴി തൊഴിൽ കേന്ദ്രങ്ങളിലേക്കുള്ള പോക്കുവരവിന്റെ സമയം കുറയുകയും അത് അവരുടെ ഉൽപാദനക്ഷമത വർധിപ്പിക്കുകയും ചെയ്യും. പിന്നാക്ക പ്രദേശങ്ങളുടെ വികസനവും സെസിലൂടെ സാധ്യമാണ്. അടിസ്ഥാന സൗകര്യങ്ങളുടെ ലഭ്യത, മികച്ച റോഡുകൾ, ആവശ്യത്തിന് വൈദ്യുതി, വിമാനത്താവളങ്ങളിലേക്കും തുറമുഖങ്ങളിലേക്കുമുള്ള ദൂരം കുറയൽ തുടങ്ങിയ പല ഗുണങ്ങളുമുണ്ട്. സർവോപരി, പ്രത്യേക സാമ്പത്തിക മേഖലകളിലേക്ക് വൻതോതിൽ



**ഭൂമിയുടെ ഉടമസ്ഥരെയും അവയെ ആശ്രയിച്ചു ജീവിക്കുന്ന മറ്റുള്ളവരെയും പുനരധിവസിപ്പിക്കുന്നതു സംബന്ധമായ ചിന്തയോ പദ്ധതിയോ ഗവൺമെന്റിനോ നിക്ഷേപകർക്കോ ഇല്ല. ഭൂമി ഏറ്റെടുക്കുന്നതു സംബന്ധമായ നിലവിലുള്ള നയമനുസരിച്ച് 25 ശതമാനം ഭൂമി മാത്രം വ്യവസായത്തിന് ഉപയോഗിച്ചാൽ മതി. ബാക്കി 75 ശതമാനം നിക്ഷേപകന്റെ തന്നിഷ്ട പ്രകാരം ഉപയോഗിക്കാം.**

വിദേശ മൂലധനം വരികയും വിദേശ ഇന്ത്യക്കാരായ നിക്ഷേപകർ വിശേഷിച്ചും ഇവിടേക്ക് ആകർഷിപ്പെടുകയും ചെയ്യുന്നതോടെ സാമ്പത്തിക രംഗത്ത് നാം വികസിത രാജ്യങ്ങൾക്കൊപ്പമെത്തുകയും ഏതാനും വർഷങ്ങൾക്കുള്ളിൽ ലോക വൻശക്തിയാകുമെന്നും പറയപ്പെടുന്നു.

ഏതു വിധേനയും സാമ്പത്തിക വളർച്ച ഉറപ്പുവരുത്തുക എന്നതാണ് സെസിനു പിന്നിലെ നയം. അതിനാൽ നിക്ഷേപകന്റെ ചിന്ത ഉൽപാദനം വർധിപ്പിച്ച് ലാഭം നേടുക എന്നതു മാത്രമായിത്തീരുന്നു. തൽഫലമായി തൊഴിലാളികളുടെ ന്യായമായ പല അവകാശങ്ങളും നിഷേധിക്കപ്പെടുന്നു. ലോകത്ത് സ്ഥാപിതമായ പ്രത്യേക സാമ്പത്തിക മേഖലകളിലൊന്നിലും തൊഴിൽ സുരക്ഷ ഉറപ്പുനൽകപ്പെടുന്നില്ലെന്നാണ് അനുഭവം. കുറ്റകൃത്യങ്ങൾക്കുള്ള ശിക്ഷാനടപടികൾ പോലും അവിടെ സ്വീകരിക്കാൻ കഴിയില്ല. പ്രത്യേക സാമ്പത്തിക മേഖലകൾക്കുവേണ്ടി കുടിയൊഴിപ്പിക്കപ്പെടുന്ന പാവപ്പെട്ട കർഷകർ സാമ്പത്തികമായി തകരുന്നു. വിദഗ്ധ തൊഴിലാളികളെ മാത്രമേ സെസിൽ ആവശ്യമുള്ളൂ. വിദ്യാഭ്യാസവും വൈദഗ്ധ്യവും കുറഞ്ഞ സാധാരണ തൊഴിലാളികളെ വളരെ കുറച്ചേ ആവശ്യമായി വരികയുള്ളൂ. അതിനാൽ തൊഴിലില്ലായ്മ വർധിക്കുന്നു. സെസ് എങ്ങനെയാണ് തൊഴിലില്ലായ്മ കുറക്കുക എന്ന ചോദ്യം അവശേഷിക്കുന്നു.

പിന്നാക്ക പ്രദേശങ്ങളിലെ ജനവാസമില്ലാത്തതും കൃഷിയോഗ്യമല്ലാത്തതുമായ ഭൂമിയിലാണ് സെസ് സ്ഥാപിക്കുകയെന്നാണ് പറഞ്ഞിരുന്നത്. എന്നാൽ കൃഷിഭൂമിയും കൃഷിയോഗ്യമായ ഭൂമിയും ഏറ്റെടുത്ത് വ്യവസായം പോഷിപ്പിക്കുന്നതാണ് കാണുന്നത്. സിംഗൂർ ഇതിന്റെ ഏറ്റവും നല്ല ഉദാഹരണമാണ്. ഇതു മുഖേന കാർഷികോൽപാദനത്തിലുണ്ടായ നഷ്ടം എങ്ങനെ നികത്തുമെന്നത് സുപ്രധാന ചോദ്യമാണ്.

ഭൂമി ഏറ്റെടുക്കുമ്പോൾ അവയുടെ ഉടമസ്ഥർക്ക് നഷ്ടപരിഹാരം നൽകും എന്ന് പറയുന്നുണ്ട്. അതോടൊപ്പം ഈ പ്രദേശങ്ങളിൽ ചെറുകിട കച്ചവടങ്ങളും മറ്റും നടത്തി ഉപജീവനമാർഗം കണ്ടെത്തിയിരുന്നവരുടെ അന്നം മുടങ്ങുന്ന പ്രശ്നവും അടിയന്തരമായി പരിഹരിക്കേണ്ടതുണ്ട്. ഭൂമിയുടെ ഉടമസ്ഥരെയും അവയെ ആശ്രയിച്ചു ജീവിക്കുന്ന മറ്റുള്ളവരെയും പുനരധിവസിപ്പിക്കുന്നതു സംബന്ധമായ ചിന്തയോ പദ്ധതിയോ ഗവൺമെന്റിനോ നിക്ഷേപകർക്കോ ഇല്ല. ഭൂമി ഏറ്റെടുക്കുന്നതു സംബന്ധമായ നിലവിലുള്ള നയമനുസരിച്ച് 25 ശതമാനം ഭൂമി മാത്രം വ്യവസായത്തിന് ഉപയോഗിച്ചാൽ മതി. ബാക്കി 75 ശതമാനം നിക്ഷേപകന്റെ തന്നിഷ്ട പ്രകാരം ഉപയോഗിക്കാം.

ഇത്തരം പോരായ്മകൾ ചർച്ചാവിഷയമാവുകയും പ്രതിഷേധങ്ങളുയരുകയും ചെയ്തതോടെ ഗവൺമെന്റ് ഇതു സംബന്ധമായ പുതിയൊരു പോളിസി സ്വീകരിക്കുകയും കുടിയിറക്കപ്പെടുന്നവരുടെ പുനരധിവാസത്തിനായി പദ്ധതി തയാറാക്കുകയും ചെയ്തിട്ടുണ്ട്. ഇതനുസരിച്ച് കുടിയിറക്കപ്പെടുന്നവർക്ക് ഭൂമിയുടെ വിലയ്ക്കു പുറമെ മതിയായ നഷ്ടപരിഹാരവും നൽകും. നഷ്ടപരിഹാരം വിലയുടെ 35 മുതൽ 100 ശതമാനം വരെയാകാം. ഭൂമിക്കു പകരം ഭൂമി നൽകുകയും ചെയ്യും. ആവശ്യത്തിലധികം ഭൂമി ഏറ്റെടുക്കുകയും അധികമുള്ളത് പിന്നീട് വിൽക്കുകയുമാണെങ്കിൽ അതിന്റെ ലാഭത്തിലൊരു വിഹിതം ആദ്യത്തെ ഉടമകൾക്ക് നൽകുമെന്നും പറയുന്നു. സെസ് പ്രതികൂലമായി ബാധിക്കുന്ന കർഷകർക്കും മറ്റും അവിടെ സ്ഥാപിക്കുന്ന വ്യവസായ സ്ഥാപനങ്ങളിലും കമ്പനികളിലും ഓഹരി നൽകുകയും ചെയ്യും. ഓരോ കുടുംബത്തിലും ചുരുങ്ങിയത് ഒരാൾക്ക് ജോലി നൽകുമെന്നും പറയുന്നു. സെസിന് ആവശ്യമായ ഭൂമി ആദ്യം ഗവൺമെന്റ് നിർണയിക്കുകയും പിന്നീട് താൽപര്യമുള്ളവർ ഉടമകളിൽനിന്ന് അത് വാങ്ങുകയും ചെയ്യട്ടെ എന്ന നിർദേശവുമുണ്ട്. നന്ദിഗ്രാം സംഭവങ്ങൾക്കു ശേഷം പാർലമെന്റിൽ നടന്ന ചർച്ചയിൽ ഇത്തരത്തിലുള്ള ഭേദഗതികൾ പ്രഖ്യാപിക്കപ്പെട്ടിരുന്നു. പുതുതായി ആവിഷ്കരിക്കുന്ന ദേശീയ പുനരധിവാസ നയത്തിൽ മുമ്പുണ്ടായിരുന്ന പോരായ്മകൾ നികത്തുമെന്ന് പറയുന്നു.

സെസ് യഥാർഥത്തിൽ രാഷ്ട്രത്തിനകത്തെ മറ്റൊരു രാഷ്ട്രമായിത്തീരും. രാജ്യത്തെ മിക്ക നിയമങ്ങളും അവിടെ നടപ്പാക്കാൻ കഴിയുകയില്ല. തൊഴിലാളികളുടെ അവകാശങ്ങൾ പലതും നഷ്ടപ്പെടും. സർക്കാറിന്റെ നികുതി വരുമാനത്തിൽ കാര്യമായ കുറവുണ്ടാകും. കമ്പനികൾക്ക് പരോക്ഷമായ സബ്സിഡികളും പ്രത്യേകാവകാശങ്ങളും നൽകേണ്ടിവരും. ഈ മേഖലയിൽ എക്സൈസ് ഡ്യൂട്ടിയോ കസ്റ്റംസ് ഡ്യൂട്ടിയോ സെയിൽസ് ടാക്സോ ഉണ്ടാവുകയില്ല. പദ്ധതികളുടെ വരുമാനത്തിൽ ആദ്യത്തെ അഞ്ചു വർഷം വരെ ഇൻകം ടാക്സും ചുമത്താനാവില്ല. അടുത്ത അഞ്ചു വർഷത്തേക്ക് 50 ശതമാനം ഇൻകം ടാക്സ് മാത്രമാണ് ചുമത്തുക. വൻതോതിലുള്ള നികുതിയിളവ് കാരണം സംരംഭകരും വ്യവസായികളും പഴയ വ്യവസായശാലകൾ ഒഴിവാക്കി പ്രത്യേക സാമ്പത്തിക മേഖലകളിലേക്ക് വരാനും സാധ്യതയുണ്ട്. സാമ്പത്തിക രംഗത്ത് യാതൊരു നേട്ടവുമില്ലാതിരിക്കുകയായിരിക്കും ഇതിന്റെ ഫലം. ചുരുക്കത്തിൽ സാധാരണക്കാരുടെ ദാരിദ്ര്യം വർധിക്കാനും രാജ്യത്ത് പുതിയൊരു മുതലാളിത്ത വർഗത്തിന്റെ ആവിർഭാവത്തിനുമാണ് സെസുകൾ വഴിവെക്കുക. ■

(ജമാഅത്തെ ഇസ്ലാമി കേന്ദ്ര കൂടിയാലോചനാ സമിതിയംഗമാണ് ലേഖകൻ. *ദഅ്വത്തിൽ*നിന്ന്).-